കർഷകത്തൊഴിലാളി പെൻഷൻ വിതരണം

39 [526] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ എത്രപേർക്കാണ് കർഷകത്തൊഴിലാളി പെൻഷൻ ആനുകൂല്യം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കർഷകത്തൊഴിലാളികളുടെ പെൻഷൻ അവസാനമായി വർദ്ധിപ്പിച്ചു നൽകിയത് എപ്പോഴാണെന്നും, അതുപ്രകാരം വർദ്ധിപ്പിച്ചു നൽകിവരുന്ന മാസ പെൻഷൻ തുക എത്രയാണെന്നും വെളിപ്പെടുത്തുമോ;

(സി) 2001 മേയ് മാസം മുതലുള്ള 45 മാസത്തിൽ ആകെ എത്ര മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കുടിശ്ശികയായിട്ടുള്ള കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിന് ആകെ എത്ര തുക വേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ ഗവൺമെന്റിന്റെ 100 ദിവസത്തെ കർമ്മപരിപാടിയിൽ കർഷക തൊഴിലാളി പെൻഷൻ കുടിശ്ശിക വിതരണം ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നോ; എങ്കിൽ ഈ സമയത്ത് കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തിന് ആകെ എത്ര തുക ചെലവഴിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 5,68,063 (അഞ്ച് ലക്ഷത്തി അറുപത്തി എട്ടായിരത്തി അറുപത്തി മൂന്ന്) പേർക്ക്.

(ബി) 1-4-2001 മുതൽ വിതരണത്തിനായി നൽകിയ പെൻഷൻ തുകയാണ് 100 രൂപയിൽ നിന്നും 120 രൂപയായി വർദ്ധിപ്പിച്ച നിരക്കിൽ നൽകിയത്.

(സി) 2001 മേയ് മാസത്തിനുശേഷം 1-11-2000 മുതൽ 31-1-2003 വരെയുള്ള 27 മാസത്തെ പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ട്.

(ഡി) 1-2-2003 മുതൽ 31-12-2004 വരെയുള്ള 23 മാസത്തെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിന് 164,62,46,574 രൂപ (നൂറ്റി അറുപത്തിനാലു കോടി അറുപത്തിരണ്ട് ലക്ഷത്തി നാല്പത്തി ആറായിരത്തി അഞ്ഞൂറ്റി എഴുപത്തിനാല് രൂപ) ആവശ്യമായിവരും.

(ഇ) ഉണ്ടായിരുന്നു. 31-3-2003 വരെയുള്ള കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക വിതരണത്തിനായി അഡീഷണൽ ആതറൈസേഷൻ മുഖേന 15,76,00,000 രൂപ (പതിനഞ്ച് കോടി എഴുപത്തി ആറ് ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly